OFFICE OF TH
TECHNICAL
13 FEB 2026
THIRUVANANTHAPURAM-23.

13/02
ACB

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - വകുപ്പിന് കീഴിലുള്ള കോളേജുകളിൽ കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിച്ചും പദ്ധതിയിൽ കുടുംബശ്രീയുമായി യോജിച്ച് പ്രവർത്തിക്കുന്നതിന് കോളേജ്/സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർമാർക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു

ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.187/2026/HEDN തീയതി,തിരുവനന്തപുരം, 11-02-2026

പരാമർശം:-

1. കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ, 15.07.2025 ലെ 4635/M/2021/KSHO നമ്പർ കുറിപ്പ്
2. 06.08.2025-ലെ കെ 1/99/2025-HEDN നമ്പർ കത്ത്
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 25.09.2025-ലെ DCETVM/7205/2025-G4നമ്പർ കത്ത്
4. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 08.12.2025-ലെ DTETVM/10522/2025-ACB1 നമ്പർ കത്ത്

<u>ഉത്തരവ്</u>

യുവതികളുടെ സാമൂഹ്യ-സാമ്പത്തിക ശാക്തീകരണം ലക്ഷ്യമാക്കി സംസ്ഥാന ദാരിദ്ര്യ നിർമാർജ്ജന മിഷൻ (കുടുംബശ്രീ) നടപ്പിലാക്കിവരുന്ന, കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകൾ കോളേജ് തലത്തിൽ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട്, സംസ്ഥാന ദാരിദ്ര്യ നിർമാർജ്ജന മിഷൻ (കുടുംബശ്രീ) എക്സിക്യൂട്ടീവ് ഡയറക്ടർ, ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകളിൽ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനുള്ള അനുമതി കുടുംബശ്രീയ്ക്ക് നൽകുന്നതിനും, പൈലറ്റ് അടിസ്ഥാനത്തിൽ ഒരു ജില്ലയിൽ നിന്ന് ഒരു കോളേജ് എന്ന കണക്കിൽ 14 കോളേജുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് പരാമർശം(1) പ്രകാരം അഭ്യർത്ഥിക്കുകയുമുണ്ടായി.

2. കുടുംബശ്രീ ലഭ്യമാക്കിയ മാർഗനിർദ്ദേശങ്ങൾ പരിശോധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ പരാമർശം (2) ഉം (3) ഉം പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും, കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെയും നിയന്ത്രണത്തിലുള്ള ചുവടെ ചേർക്കുന്ന കോളേജുകളിൽ കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനുള്ള അനുമതി കുടുംബശ്രീക്ക് നൽകി കൊണ്ടും, കുടുംബശ്രീയുടെ ഈ പദ്ധതിയിൽ യോജിച്ച് പ്രവർത്തിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർമാർക്ക് അനുവാദം നൽകി കൊണ്ടും ഉത്തരവാകുന്നു.

| ക്രമ. നമ്പർ | ജില്ല | കോളേജ് |
|---|---|---|
| 1 | തിരുവനന്തപുരം | സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം |
| 2 | | ഗവ. സെൻട്രൽ പോളിടെക് നിക് കോളേജ്, തിരുവനന്തപുരം |
| 3 | കൊല്ലം | എസ്.എൻ വനിതാ കോളേജ് കൊല്ലം |

| | | |
|---|---|---|
| 4 | | S N പോളിടെക് നിക് കോളേജ്, കൊട്ടിയം. |
| 5 | പത്തനംതിട്ട | കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട |
| 6 | | MVGM സർക്കാർ പോളിടെക് നിക് കോളേജ്, വെണ്ണിക്കുളം. |
| 7 | ആലപ്പുഴ | സനാതന ധർമ്മ കോളേജ്, ആലപ്പുഴ |
| 8 | | സർക്കാർ പോളിടെക് നിക് കോളേജ്, ചേർത്തല |
| 9 | കോട്ടയം | ഗവണ്മെന്റ് കോളേജ്, കോട്ടയം |
| 10 | | ആർ.ഐ.റ്റി. കോട്ടയം |
| 11 | ഇടുക്കി | ഗവണ്മെന്റ് കോളേജ് കട്ടപ്പന |
| 12 | | സർക്കാർ എഞ്ചിനീയറിംഗ് കോളേജ് , പൈനാവ്, ഇടുക്കി. |
| 13 | എറണാകുളം | മഹാരാജാസ് കോളേജ്, എറണാകുളം |
| 14 | | സർക്കാർ പോളിടെക് നിക് കോളേജ്, കളമശ്ശേരി. |
| 15 | പാലക്കാട് | മേഴ്സി കോളേജ് പാലക്കാട് |
| 16 | | സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം |
| 17 | തൃശ്ശൂർ | വിമല കോളേജ്, തൃശ്ശൂർ |
| 18 | | സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ |
| 19 | മലപ്പുറം | പി.എസ്.എം.ഒ കോളേജ് തിരൂരങ്ങാടി |
| 20 | | സർക്കാർ പോളിടെക് നിക് കോളേജ്, പെരിന്തൽമണ്ണ |
| 21 | കോഴിക്കോട് | ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്, കോഴിക്കോട് |
| 22 | | സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട് |
| 23 | വയനാട് | ഗവണ്മെന്റ് കോളേജ് മാനന്തവാടി |
| 24 | | സർക്കാർ പോളിടെക് നിക് കോളേജ്, മാനന്തവാടി |
| 25 | കണ്ണൂർ | ഗവണ്മെന്റ് ബ്രണ്ണൻ കോളേജ്, ധർമടം |
| 26 | | സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ |
| 27 | കാസർഗോഡ് | സെന്റ് പയസ് ടെൻത് കോളേജ്, രാജപുരം, കാസറഗോഡ് |
| 28 | | സർക്കാർ പോളിടെക് നിക് കോളേജ്, കാസർഗോഡ് |

4. ഓക്സിലറി ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ കോളേജുകളുടെ അക്കാദമിക് പ്രവർത്തനങ്ങളെ ഒരു വിധത്തിലും ബാധിക്കാത്ത തരത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ട കോളേജ് അധികൃതർ നടത്തേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് എം
ജോയിന്റ് സെക്രട്ടറി

1. പ്രിൻസിപ്പൽ സെക്രട്ടറി , തദ്ദേശ സ്വയംഭരണ വകുപ്പ്
2. എക്സിക്യൂട്ടീവ് ഡയറക്ടർ, സംസ്ഥാന ദാരിദ്ര്യ നിർമാർജ്ജന മിഷൻ(കുടുംബശ്രീ)
3. ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്
4. ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
5. www.highereducation.kerala.gov.in
6. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sobha D
Date: 13-02-2026 12:05:13
സെക്ഷൻ ഓഫീസർ

പകർപ്പ്:

1. ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ -ക്ക്
4. ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ -ക്ക്
5. ഉന്നത വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.

Endorsement No. DTE/Tvm/10522/2025-ACB1 dtd 8/12/2025

Copy Communicated to all the Head of the institutions prescribed in this Government order for information + necessary action

Dr. Jayaprakash
Director
Technical Education
Directorate